മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

പ്രസ്തുത ഉത്തരവിൽതന്നെ സൂചിപ്പിച്ചിട്ടുള്ളതുപോലെ നെട്ടൂർ കമ്മീഷൻ അതിന്റെ റിപ്പോർട്ട് സമർപ്പിച്ചശേഷം സർക്കാർ സർവ്വീസിൽ വിവിധ സമുദായങ്ങൾക്കുള്ള പ്രാതിനിധ്യത്തെക്കുറിച്ച് ഗവൺമെന്റ് ശേഖരിച്ച കണക്കുകളുടെ അടിസ്ഥാനത്തിലാണ് പുതുക്കിയ സംവരണ ശതമാനങ്ങൾ നിശ്ചയിച്ചിട്ടുള്ളത്.

തുറമുഖങ്ങളുടെ വികസനം

* 739 [804] ശ്രീ. പി. ആർ. ഫ്രാൻസിസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറാം പഞ്ചവൽസരപദ്ധതിക്കാലത്ത് സംസ്ഥാനത്തെ തുറമുഖങ്ങളെ വികസിപ്പിക്കുവാൻ ഏതെങ്കിലും പദ്ധതികൾ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം തുറമുഖങ്ങളിലാണ്?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഉണ്ട്.

(ബി) വിഴിഞ്ഞം, നീണ്ടകര, ബേപ്പൂർ, അഴീക്കൽ ഈ തുറമുഖങ്ങളിലാണ്.

ഉദ്യോഗ നിയമന ലിസ്റ്റിന്റെ പ്രാബല്യം

* 740 [805] ശ്രീ. എൻ. ഭാസ്കരൻ നായർ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പബ്ലിക് സർവ്വീസ് കമ്മീഷൻ തെരഞ്ഞെടുക്കുന്ന ഉദ്യോഗ നിയമന ലിസ്റ്റ് എത്രവർഷം പ്രാബല്യത്തിലിരിക്കും?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

പി.എസ്. സി.നിയമനത്തിന് തെരഞ്ഞെടുക്കുന്ന ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റ് സാധാരണയായി ചുരുങ്ങിയത് ഒരുവർഷമോ പരമാവധി രണ്ടുവർഷമെന്ന നിബന്ധനക്ക് വിധേയമായി അടുത്ത ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുവരെയോ പ്രാബല്യത്തിലിരിക്കും. ചില പ്രത്യേക സാഹചര്യങ്ങളിൽ ലിസ്റ്റിന്റെ കാലാവധി മൂന്നുവർഷംവരെ നീട്ടുവാൻ വ്യവസ്ഥയുണ്ട്.

മണ്ണെണ്ണ വ്യാപാരവും പെട്രോൾ വ്യാപാരവും

* 741 [806] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണെണ്ണ വ്യാപാരവും പെട്രോൾ വ്യാപാരവും സർക്കാർ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ.ടി.എസ്. ജോൺ):

(എ, ബി) മണ്ണെണ്ണ വ്യാപാരവും, പെട്രോൾ വ്യാപാരവും ഏറെടുക്കാൻ സർക്കാരിന് ഇപ്പോൾ ഉദ്ദേശമില്ല.

സ്പെഷ്യൽ റിക്കൂട്ടുമെൻറ് നടത്താൻ ഉദ്ദേശിക്കുന്ന പോസ്റ്റുകൾ

* 742 [807] ശ്രീ. പി. കെ. ചാത്തൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടിനൽകുമോ:

(എ) സ്പെഷ്യൽ റിക്കൂട്ടുമെൻറ് നടത്താൻവേണ്ടി അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിലേയും ഫൈനാൻസ് സെക്രട്ടറിയറ്റിലേയും കേരളാ പബ്ലിക് സർവ്വീസ് കമ്മീഷനാഫീസിലെയും 1.1.1979-ലെ പൊസിഷൻ റവ്യൂ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതനുസരിച്ച് ഓരോയിടത്തും ഏതെല്ലാം പോസ്റ്റുകളിലേക്കാണ് നിയമനം നടത്താൻ തീരുമാനിച്ചിട്ടുള്ളത്;

(സി) റവ്യൂ ചെയ്തിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്ത്?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ, ബി, സി) അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിലെ റവ്യൂ നടത്തി ഗസറ്റഡ് തസ്തികകളിൽ സ്പെഷ്യൽ റിക്കൂട്ടുമെൻറുവഴി നിയമനം നടത്തുന്നതിന് മൂന്നു തസ്തികകൾ സംവരണം ചെയ്തിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷൻ ആഫീസിലെ റവ്യൂ നടത്തി അതിൽ ഗസറ്റഡ്, നോൺ ഗസറ്റഡ് തസ്തികകളിൽ പൂർണ്ണ പ്രാതിനിധ്യം ഹരിജനങ്ങൾക്ക് ലഭിച്ചിട്ടുള്ളതിനാൽ സ്പെഷ്യൽ റിക്കൂട്ടുമെൻറ് നടത്തുന്നതിന് തസ്തികകൾ റിസർവ് ചെയ്തിട്ടില്ല. ഫൈനാൻസ് സെക്രട്ടേറിയറ്റിൽ റവ്യൂ നടത്തി ഉടൻ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

മുഖ്യമന്ത്രിമാരുടെ സമ്മേളനം

* 743 [808] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയും പശ്ചിമബംഗാൾ മുഖ്യമന്ത്രിയും തമ്മിൽ 1979 ജനുവരിമാസത്തിൽ ചർച്ചകൾ നടന്നുവോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം കാര്യങ്ങളിലാണ് ചർച്ചകൾ നടത്തിയത്;

(സി) സ്റ്റേറ്റിന്റെ ന്യായമായ ആവശ്യങ്ങൾ അനുവദിച്ചുകിട്ടുന്നതിന് ഒന്നിച്ച് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിന് ആ ചർച്ചയിൽ തീരുമാനം എടുത്തുവോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) ചർച്ചകൾ നടക്കുകയുണ്ടായി

(ബി) രണ്ടുസംസ്ഥാനങ്ങൾക്കും പൊതു താൽപ്പര്യമുള്ള കാര്യങ്ങളെപ്പറ്റിയാണ് സംസാരിച്ചത്. ഗോവധനിരോധനം, ആർ. എസ്. എസ്. ഭീഷണി, മദ്യ നിരോധനം തുടങ്ങിയ വിഷയങ്ങളെപ്പറ്റി സംസാരിച്ചു.

(സി) ഇക്കാര്യവും ചർച്ചചെയ്യുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly